# ഇതളുകൾ

## ഡിജിറ്റൽ മാഗസിൻ



ജി വി എച്ച് എസ് എസ് കൊപ്പം -2020

പാലക്കാട്

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ 'ഇതളുകൾ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഈ വിദ്യാലയത്തിലെ പ്രധാന അധ്യാപിക എന്ന നിലയിൽ വളരെയധികം സന്തോഷം തോന്നുന്നു.സർഗ ശേഷിയും വിവര വിനിമയ സാങ്കേതിക വിദ്യയും ഒരുമിക്കുന്ന ഈ സംരഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

വി.ലത

(പ്രധാന അധ്യാപിക)

ജി.വി.എച്ച്.എസ്.എസ് കൊപ്പം

# ഊട്ടിയിലേക്കൊരു യാത്ര

ഇളം മഞ്ഞിൻ കോരിത്തരിപ്പിൽ വളരെ സന്തോഷത്തോടെയാണ് ഞാൻ എഴുന്നേറ്റത്. പുലർച്ചെ മൂന്നുമണിയോടെ ഞങ്ങൾ യാത്ര പുറപ്പെട്ടു.ഞങ്ങൾ അവിടെ ഏഴരയോടെ എത്തി. ചുരത്തിലൂടെയുള്ള യാത്ര അതിമനോഹരവും ഒപ്പം പേടി നിറഞ്ഞതുമായിരുന്നു. യാത്രയിലുടനീളം കുതിരകളേയും മനോഹരമായ പച്ചപ്പുകളെയും പിന്നിട്ടുകൊണ്ടിരുന്നു. ഊട്ടിയിൽ ഇടയ്ക്കുള്ള മഴയും ശക്തിയായ തണുപ്പും യാത്രയ്ക്ക് ആസ്വാദകരമായി ഊട്ടിയിലൂടെയുള്ള യാത്ര ആസ്വദിച്ച് പിന്നെ ഞങ്ങൾ എത്തിയത് ബൊട്ടാണിക്കൽ ഗാർഡനിലാണ്. അവിടെ വ്യത്യസ്തങ്ങളായ കണ്ണിന് കുളിർമയേകുന്ന കൗതുകരമായ പല വർണ്ണത്തിലുള്ള പൂക്കൾ കണ്ടു. ഊട്ടിയിലെ ശക്തമായ തണുപ്പിനോടും വർണ്ണ കാഴ്ചകളോടും വിടപറഞ്ഞ് ഞങ്ങൾ യാത്രതിരിച്ചു . വളരെ രസകരവുമായ യാത്ര അവസാനിപ്പിച്ചു. ഞങ്ങൾ പത്ത് മണിയോടെ വീട്ടിലെത്തി

ALISHA .T.V
9.F

# പൂക്കൾ

ആയിരം പൂക്കൾ വിരിഞ്ഞു
എന്റെ സുന്ദര പൂങ്കാവനത്തിൽ
അകലെയാമാമല ചെരുവിൽ നിന്നും
കതിരവൻ ഇതു കണ്ടു മന്ദഹസിച്ചു
ഓടിവന്നൊരാ ചിത്രശലഭങ്ങൾ
ആ പൂക്കൾ തൻ അധരത്തിൽ മുത്തമിട്ടു
നാണം കലർന്നൊരാ ചെറു പുഞ്ചിരിയോടെ
പരസ്പരം നോക്കി തല കുനിച്ചു
പൂക്കൾ പരസ്പരം നോക്കി തല കുനിച്ചു
അകലെയാ ക്ഷേത്രത്തിൽ നിന്ന് പൂജാരി വന്ന്
പൂക്കൾ പറിച്ച് കൊണ്ട് പോയ്
ദേവിതൻ തൃപാദത്തിൽ
പുഷ്പാർച്ചന നടത്തി
ആയിരം ദീപങ്ങൾ തെളിഞ്ഞു

രചന :അനശ്വര .9F

ടൈപ്പിംഗ്: ഷംന ഷെറിൻ വി പി

# WINTER

Winter is the king of snow men
Turning trees stumps into snow men
And spreading  sugar over takes
Smooth and clean and frosty white
The word looks good enough to bite
That's the season to be young
Catching snowflakes on your tongue
Snow is snowy when it is snowing
I am sorry it is flashy when it is going

FATHIMA HIBA

# MOTHER

Mother Mother Mother!!!
A Caretaker and a teacher
Who taught me things
Better! Better! Better!

A Secret keeper and
a friend who never
Betray,the special one
Who cares and loves me
unconditional!!!

You are a super women
You are the one who managers
All the work one time.
Which makes you the super
MOTHER!!!

FATHIMA SANA 9H

# എൻെറ മലയാളം

*അമ്മിഞ്ഞപ്പാലായെൻ നാവിൻെറ തുമ്പത്ത്*

*അമ്മതന്നുള്ളോരു ഭാഷയുണ്ടേ*

*ഓർക്കുമ്പോൾ നാവിൽ മധുരമൂറുന്നോ-*

*രാഭാഷയാണെൻെറ മലയാളം*

*ആർത്തു ചിരിക്കാനമോർത്തു കരയാനു-*

*മുച്ചത്തിൽപ്പാട്ടുകൾ പാടുവാനും*

*മററുള്ളോർക്കൊപ്പം രസിച്ചിടുവാനും*

*പററുന്ന ഭാഷ മലയാളമല്ലയോ*

*എന്നെ ഞാനാക്കിയോരീ ഭാഷയെ*

*എങ്ങനെയോർക്കാതിരിന്നിടും ഞാൻ*

*എന്നുള്ളിലെന്നുമൊരു സ്നേഹ നാളമായ്*

*എന്നുടെ ഭാഷ വിളങ്ങുന്നു നിർമ്മലം.*

ഫാത്തിമ ലിൻഷ.സി

9 ജെ

# വിദ്യാലയം

പരിശുദ്ധ പാവന
ക്ഷേത്രമാണെൻ
വിദ്യാലയം
വിദ്യതേടി ഞാനെത്തിയതീ
പൂങ്കാവനത്തിലല്ലോ
നുകരുവാൻ
മധുരമുണ്ടായിരുന്നു
ഈ അങ്കണത്തിൽ
കളിചിരിയുമായ്
അണഞ്ഞൊരെൻ
പ്രിയ കൂട്ടുകാരും
അറിവിൻചെപ്പുകൾ
തുറന്നുതന്നൊരെൻ
പ്രിയരാം അദ്ധ്യാപകരും
പടർന്നുപന്തലിച്ചൊരി
മാവിൻചുവട്ടിൽ
കൈമാറിയതെത്ര.......
പറഞ്ഞുതീരാത്ത
വിശേഷങ്ങൾ
പരിഭവങ്ങൾ..............

മാനസ രാജ്.എ
9 E

# A MOTHER LOVE

A Mother's Love is something
That no one can explain
It is made of deep devotion
And of sacrifice and pain........

It is endless and unselfish
And enduring come what may
For nothing can destroy it
Or take that Love away.......

It is patient and forgiving
When all others are for saking
And it never fails of falters
Even though the heart us breaking......

It believes beyond believing
When the world around condemns
And i glows with all the beauty
Of the rarest, brightest gums.....

It is for beyond defining,
It defies all explanation,
And it still remains a secret
Like the mysteries of creation........

NASLA -T
9H

# ദൈവത്തിന്റെ കരസ്പർശം

സ്കൂളിലെ ബെല്ലടിച്ചു. കയ്യിൽ പുസ്തകവും വടിയുമായി മാഷ് വന്നു.മാഷ് കളാസ് തുടങ്ങി.വരാന്തയിലൂടെ ഒരു കാലടി ശബ്ദം.എല്ലാവരും കാതോർത്തു.പതിവുപോലെ അന്നും വത്യസ്തമായി ഒന്നും നടന്നില്ല.എല്ലാവരുടെയും അമ്പരപ്പിനെ തുളച്ച് ക്ലാസിന്റെ വാതിൽക്കൽ മീനു എത്തി. അവൾ ദാരിദ്ര്യത്തിൻ വക്കിലാണ് അതുമാത്രമല്ല അവൾ താഴ്ന്ന ജാതിയിലായതുകൊണ്ട് മറ്റുള്ളവരുടെ കൂടെ ബെഞ്ചിലിരുന്ന് പഠിക്കാൻ കഴിയില്ല.കൈയ്യിലിരുന്ന ചൂരലുകൊണ്ട് എന്ത്കൊണ്ടാണ് എന്ന് വൈകിയതു പോലും ചോദിക്കാതെ മാഷ് അവളെ അടിച്ചു.ക്ലാസ് മുറിയിൽ നിലത്തിരിക്കാൻ അവളോട് ആവിശ്യപ്പെട്ടു.മാഷ് വീണ്ടും ക്ലാസ് എടുത്തുതുടങ്ങി.വീണ്ടും വരാന്തയിലൂടെ ഒരു കാലടി ശബ്ദം.പക്ഷേ അത് വെറും കാലൊച്ചയല്ല കൂടെ പാദസ്വരത്തിന്റെ താളത്തിലുള്ള കിലുക്കവും.ആ പുത്തനുടുപ്പിട്ട കുട്ടിയെ ഒരു വിദ്വേഷം പോലുമില്ലാതെ മാഷ് ക്ലാസിൻ കയററി. മാഷ് അവർക്കെല്ലാം ഒരു കണക്ക്

ചെയ്യാൻ കൊടുത്തു.മീനു ഒഴികെ അതാർക്കും ചെയ്യാൻ ചെയ്യാൻ കഴിഞ്ഞില്ല. അവൾക്കതിന് ഉത്തരം അറിയാമായിരുന്നു.മാഷ് അവളെ അഭിനന്ദിച്ചു. എന്നാൽ മാഷിനെ അമ്പരിപ്പിച്ചത് ഇതല്ല, ആ പുത്തനടിപ്പിട്ട ഉയർന്ന ജാതിയിൽ പെട്ടവൾ മീനുവിനെ തറയിൽ നിന്നും എണീപ്പിച്ച് അവളുടെ അടുത്ത് ഇരുത്തിയതാണ്. അന്ന് മുതൽ അവൾ ബെന്ജിലിരുന്ന് പഠിച്ചു.

ജാതിക്കും അപ്പുറമാണ് സ്നേഹത്തിൻെറ മൂല്യം.അത് ദൈവത്തിൻെറ കരസ്പർശമാണ്.

വിദ്യ അഭ്യസിക്കുക എന്നത് എല്ലാവർക്കും അവകാശമാണ്. അതാനെ തരം തിരിക്കേണ്ടത് ജാതിയുടേയോ മതത്തിൻെറയോ വര്ണത്തിൻെറയോ പേരിലല്ല.

SAHLA NASRIN M
9 F

# ബാല്യം

എൻ ഓർമകളിൽ നിറഞ്ഞു നിൽക്കും,
ബാല്യത്തിൻ മധു കണങ്ങൾ
ഓർക്കുമ്പോൾ എന്തൊരനുഭൂതി
എന്നാലോർക്കാൻ കഴിയുകില്ല
കൊച്ചു നൊമ്പരങ്ങളും
തീക്ഷണമാം സ്നേഹവും
അനാഥികളായേക്കാം
മാകന്ദത്തിൽ കല്ലെറിഞ്ഞും,
മാവിൻ കൊമ്പ് കുലുക്കിയും
കുസൃതിതൻ ബാല്യമിനി
തിരികെ വരുമോ?

SAHALA NASRIN M
9 F

# GIRLS AND BOYS COME OUT TO PLAY

Girls and boys come out to play
The moon does shine as bright as day
Leave your supper and leave your sleep
And join your play Fellows in the street

[ Girls and boys ]

come with a doll and come with a ball
come with a good will
or come not at all

up the ladder and down the wall
join your play fellows
in the street
[Girls and boys...]

**Shahanas v**
**9H**

# നീയെൻ സഹോദരൻ

നീയെന്ന ശലഭമായ് ഞാൻ പിറന്നു
നീയെന്ന കാറ്റായ് ഞാൻ പറന്നു
നീയെൻ നെഞ്ചിലെ സ്നേഹമായ് കാന്തിയായ്
നിന്നിലെ തെറ്റിലും നിന്നിലെ ശരിയിലും
ശരിയെന്ന് ഭാവിച്ച എൻ മനം ഓതി
ഓതവേ കാരണം ചൊല്ലുന്നു ഞാൻ
എന്റെ ദൈവനിധിയാം സഹോദരനാ നീ

എൻ സ്നേഹമാം തേൻ കുടത്തിൽ നിന്നൊഴുകി
വരുന്ന മധുരമാം കണങ്ങളായ് നീ വളരേ
എൻ പ്രാണനായിരുന്നു ഓമേന നീ
നിന്നുള്ളിലെ വികാരങ്ങൾ മാറിയതറിഞ്ഞില്ല
ഒരുകാലമത്രേ നീ സ്നേഹത്തിൽ മറുവചനം
അടിമയായ് മാറി എൻ പ്രിയ സഹോദരാ
നീ ലഹരിതൻ ഭ്രാന്തിൽ ഇരുട്ടിലായല്ലോ
ആ വികൃതമാം ഇരുട്ടിൽ നീയെന്നെ അറിഞ്ഞില്ലേ
നിന്നിലെ സഹോദരനെ ഞാൻ കണ്ടില്ലാ
വേദനാജനകമാം ആ നിമിഷം കടക്കവേ
സഹോദരാ എന്തേ നീ എന്നെ അറിഞ്ഞില്ലാ
പിന്നിലേക്ക് മറച്ചിടും പുസ്തക ഏടുകൾ
അവിടതൻ ഞാൻ നിന്റെ അമ്മയാണച്ഛനാ
ണെന്റെ ജീവിതം നീയാണു തന്നെ
സത്യമെന്തെന്നു ജ്ഞാനം എനിക്കെന്നോ നീ
എൻ സഹോദരനെന്നു മറന്നീടുവല്ലോ
പ്രതികരിക്കുന്നു ഞാൻ എന്നുള്ളിലെ നീറ്റലിൽ

വെടിഞ്ഞീടുന്നു എൻ മരവിച്ച ജീവനം.

രചന  അനഘ എം എസ്

,

# ബാല്യകാലവും ക്ലാസ് മുറിയും

ഇരിപ്പുറക്കാത്ത കാലത്ത്,
സ്കൂളിൻ നാലു ചുവരുകൾക്കുള്ളിലെ
അധ്യാപക  പരിചരണത്തിൻ കാലം.
സ്വഭാവ രൂപീകരണത്തിന്,
അടിത്തറ പാകുന്ന കാലം.
ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് ,
ശക്തമായ കരുതൽ തരുന്ന കാലം.
പ്രായത്തിൻ നയനത്തിൽ കഥകളിലും,
കവിതകളിലും എളുപ്പം വീഴുന്ന കാലം.
മനുഷ്യനാവശ്യമായ നൈപുണികൾ,
മനസ്സിലുദിച്ചുയരുന്നൊരു കാലം .
പുതിയ കൂട്ടരും പുതിയ ഭാഷയും,
പുതുതായി ചമക്കുന്ന കാലം.
ലക്ഷ്യങ്ങൾ സ്വപ്നം കാണാൻ,
കുഞ്ഞുമനസ്സ് തുടിക്കുന്ന കാലം.
മനസ്സിൽ അടിഞ്ഞ് കൂടിയ കറകളെ,
ബോധപൂർവ്വം കഴുകി കളയാൻ;
നാം തുനിയുന്ന ബാല്യകാലം!

# സന്ധ്യായാമം

സന്ധ്യായാമത്തിൽ ചന്ദ്രനിലാവൊളിയുടെ
ആഗമനം കാത്ത് കുങ്കുമ പൂക്കൾ ചൊരിഞ്ഞ്
വെള്ള പാവാടയിലെ മഞ്ചാടി കുരുവെന്നോളം
ആകാശത്തിലെ കുങ്കുമ പൊട്ടുപോലെ ജ്വലിച്ചു
നില്ക്കുന്ന സൂര്യകിരണങ്ങൾ ആകാശമേഘങ്ങളിൽ
തട്ടിചിതറി ഭൂമിയുടെ ചുണ്ടുകൾക്കു ചുവപ്പ് വർണം
പൂശുമ്പോൾ കൊക്കുകളൂരുമി നിൽക്കുന്ന
ഇണകൾ കൂടണയാനായി തയ്യാറെടുക്കുന്നു.
നിലവിളക്കിലെ ദീപത്തിനെ പോലെ
ഭാഗികമായി സമുദ്രത്തിൽ ലയിച്ചു ചേർന്ന
സൂര്യനിലേക്കെന്നോളം പറന്നകലുന്ന കൊക്കിൻ
കൂട്ടം എവിടേക്കെന്നറിയാതെ മാഞ്ഞുപോകവേ
ചന്ദ്രശോഭയുടെ  ആഗമനത്തിന് ഈണം പകർന്ന്
മൂങ്ങകളുടെ ചിറകടി ശബ്ദം.

രചന:ഷംന ഷെറിൻ വി പി

# DOWN THE RAIN FALLS

Down the rain falls
Up crackles the fire
Tick - Tock goes the clock
Neither lower nor higher
Such soft little sounds
As sleepy hens make
When they talk to themselves
For company's seek

SHIBILA SHERIN VK
9H

# ഓർമ്മകളിലൂടെ സ്കൂൾ യാത്ര

ഞാനും കൂട്ടുകാരും സ്കൂളിൽ നിന്ന് യാത്ര പോയി . അതി മനോഹരമായ യാത്ര ആയിരുന്നു. ഞങ്ങൾ ആദ്യം കൊച്ചിയിലേക്ക് പോയി . അവിടുത്തെ ബീച്ചിൽ ഞങ്ങൾ കളിച്ചു. ഞങ്ങൾ സൂര്യാസ്തമയം കണ്ടു . അതി മനോഹരമായ കാഴ്ചയായിരുന്നു അത്. അതിനു ശേഷം തൃശ്ശൂരിലേക്ക് പോയി. അവിടെ മൃഗശാലയിലേക്ക് പോയി . വ്യത്യസ്ത മൃഗങ്ങളെ കണ്ടു . ഞങ്ങൾ പലതരം മിഠായികൾ കഴിച്ചു . പിന്നെ ഞങ്ങൾ വയനാട്ടിലേക്ക് പോയി . അവിടെ ഞങ്ങൾ കുരങ്ങൻമാരെ കണ്ടു . പിന്നെ ഞങ്ങൾ വീട്ടിലേക്ക് പോന്നു.

Mufeeda nasrin mt
9 c

# 'വിദ്യാലയം പ്രതിഭകളിലേക്ക് '

## ജി .വി .എച് .എസ് .എസ് .കൊപ്പം

# അഭയം കൃഷ്ണേട്ടൻ




കേരള വിദ്യാഭ്യാസ വകുപ്പിന്റെ ''വിദ്യാലയം പ്രതിഭകളിലേക്ക് ''എന്ന പദ്ധതിയുടെ ഭാഗമായി കൊപ്പം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും 2019 നവംബർ 20 ബുധനാഴ്ച കൊപ്പം ഗ്രാമത്തിന്റെ അഭിമാനമായ 'അഭയം കൃഷ്ണേട്ടനെ 'കാണുന്നതിനായി അഭയത്തിന്റെ പടിവാതിലിലെത്തി .പന്ത്രണ്ട് വിദ്യാർത്ഥികളും ഒമ്പത് അധ്യാപകരും അടങ്ങുന്ന സംഘം മുന്നൊരുക്കങ്ങളെല്ലാം പൂർത്തിയാക്കി തന്നെയാണ് അഭയത്തിലെത്തിയത് .

ഞങ്ങൾക്ക് കാണാനുള്ളത് കൃഷ്ണേട്ടനെയാണ് . ആരാണ് കൃഷ്ണേട്ടൻ?

കഷ്ടിച്ച് മുട്ടുവരെയെത്തുന്ന തോർത്ത്, നിറംമങ്ങിയ അരക്കൈയൻ ഷർട്ട്, കാലിൽ ചെരിപ്പില്ല. അലങ്കാരങ്ങളൊന്നുമില്ലാത്ത ഒരു മനുഷ്യൻ. 'ആർഭാടം' തോന്നിക്കുന്ന വല്ലതും ഈ ശരീരത്തിലുണ്ടെങ്കിൽ അതൊരു വെള്ളത്താടി മാത്രമാണ്.ഇദ്ദേഹത്തിന്റെ പേര് കൃഷ്ണൻ. ഒരുകാലത്ത് വലിയ ഭൂസ്വത്തുണ്ടായിരുന്ന ജന്മികുടുംബത്തിലെ അംഗം. സ്വത്തും പ്രതാപങ്ങളും മോശമല്ലാത്ത ശമ്പളം കിട്ടുന്ന ബാങ്കുദ്യോഗത്തിന്റെ ഗമയുമെല്ലാം ഉപേക്ഷിച്ച് ഇങ്ങനെയൊരു ജീവിതം സ്വയം തിരഞ്ഞെടുത്തതാണ് .ഇപ്പോൾ ഒരുതുണ്ട്

ഭൂമിപോലും സ്വന്തം ആവശ്യത്തിനായി കൈവശംവെക്കുന്നില്ല, അവനവന്റെ മേൽവിലാസമുള്ള ഒരു വീടോ സ്വാർഥസമ്പാദ്യങ്ങൾക്കുള്ള ബാങ്ക് അക്കൗണ്ടോ ഇല്ല...

അയിത്താചാരത്തിന്റെ നൂൽബന്ധങ്ങൾ നിലനിന്നിരുന്ന നമ്പൂതിരി സമുദായത്തിൽ അനാചാരത്തിനെതിരെ വിപ്ലവകാഹളം മുഴക്കിയ പള്ളം മനയിൽ നിന്നാണ് കൃഷ്ണേട്ടൻ പൊതുപ്രവർത്തനരംഗത്തെത്തിയത് എന്നുള്ളത് ശ്രദ്ധേയം. സമൂഹത്തിൽ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന കാലത്ത് പാവപ്പെട്ടവർക്ക് ആശ്രയം നൽകിയിരുന്ന പള്ളത്ത് കൃഷ്ണൻ നമ്പൂതിരിയുടേയും ആര്യപള്ളത്തിന്റേയും പേരമകനാണ് കൃഷ്ണേട്ടൻ.




ഇന്നലെ, നാലുകെട്ടിന്റെ സമ്പന്നതയിലും സൗകര്യങ്ങളിലും കഴിഞ്ഞിരുന്നയാൾ ഇന്ന് പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഒരു കൊച്ചുവീട്ടിൽ താമസിക്കുന്നു. എന്തിനുവേണ്ടിയായിരുന്നു ഈ ത്യാഗം? അതറിയണമെങ്കിൽ ഒരിക്കലെങ്കിലും 'അഭയ'ത്തിൽ വരണം. കൃഷ്ണേട്ടന്റെ ജീവിതം നേരിൽക്കാണണം. കണ്ണീരിന് നിറമില്ല കരുണയുടെ പച്ചപ്പ് ഇനിയും വറ്റിയിട്ടില്ലാത്ത ഗ്രാമമാണ് പാലക്കാട് ജില്ലയിലെ കൊപ്പം. അതുകൊണ്ടായിരിക്കണം ജാതിനോക്കാതെ, മതം നോക്കാതെ,പാർട്ടിനോക്കാതെ അശരണർക്ക് അഭയമരുളാൻ 'അഭയ'ത്തിന് കഴിയുന്നത്. പട്ടാമ്പിറോഡിൽ 500 മീറ്റർ അകലെയായി പുലാശ്ശേരി ഗ്രാമത്തിലാണ് അഭയം. 30 ഏക്കർ സ്ഥലത്ത് പലസമയത്തായി പണിത കുറേ കെട്ടിടങ്ങൾ. അല്ല, കരുണയുടെ ശ്രീകോവിലുകൾ. അവിടെ ഏതൊക്കെയോ നാട്ടിൽനിന്ന് എപ്പോഴൊക്കെയോ, എങ്ങനെയൊക്കെയോ എത്തിയ നൂറിലേറെ മനുഷ്യർ. ചിലർ മനോനിലതെറ്റിയവർ, മറ്റുചിലർ മക്കളാൽ ഉപേക്ഷിക്കപ്പെട്ടവർ, വേറെ ചിലർ ആരോരുമില്ലാത്ത

അനാഥജന്മങ്ങൾ, ഇനിയും.ചിലർ ശാരീരികവൈകല്യമുള്ളവർ, രോഗികൾ... ഇവർക്കൊപ്പമാണ് കൃഷ്ണേട്ടന്റെ രാപകലുകൾ. അഭയത്തിന്റെ ഡയറക്ടർ കൃഷ്ണേട്ടനാണെന്നുപറഞ്ഞാൽ ആരും വിശ്വസിക്കില്ല.മുഷിഞ്ഞ വേഷംതന്നെയാണ് ഒന്നാമത്തെ പ്രശ്നം. പിന്നെ ആ 'സ്ഥാനത്തിന് നിരക്കാത്ത' ജോലികളാണ് ചെയ്യുന്നതുമുഴുവൻ. ചിലപ്പോൾ ചൂലെടുത്ത് മുറ്റമടിക്കുന്നതുകാണാം.മറ്റുചിലപ്പോൾ തൊഴുത്തിൽ ചാണകം വാരുകയോ പശുവിനെ കുളിപ്പിക്കുകയോ ആവും. വേറെ ചിലപ്പോൾ പാടത്ത് ചേറിൽ കിളയ്ക്കുന്ന തിരക്കിലായിരിക്കും. അല്ലെങ്കിൽ രോഗികളായ അന്തേവാസികൾക്ക് മരുന്നുകൊടുക്കുകയോ അവരെ ശുശ്രൂഷിക്കുകയോ... ഈ മനുഷ്യനെ ഒറ്റവാചകത്തിൽ പരിചയപ്പെടുത്താൻ പ്രയാസമാണ്.




അനൗപചാരിമായ പരിചയപ്പെടലുകൾ കഴിഞ്ഞപ്പോൾ തന്നെ കുട്ടികൾ കൃഷ്ണേട്ടനെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ചോദിച്ചറിയാനും ആ ജീവിതാനുഭവങ്ങൾ രേഖപ്പെടുത്താനും തയ്യാറായി കഴിഞ്ഞിരുന്നു. ഹൈസ്കൂൾ വിഭാഗത്ത് നിന്നും അർച്ചന -അക്ഷര എന്നീ ഇരട്ടക്കുട്ടികളും ഫിദയാസ്മീൻ,ഫാത്തിമ ഷഹിൻഷ,ഗോപിക,അർച്ചന ,അഞ്ജലി, രശ്മി എന്നിവരും അഞ്ജു,ഫിദ(VHSE),റംസിയ തസ്നി,ആദിത്യ(HSS)എന്നീ കുട്ടികളും അധ്യാപകരായി രാജൻ മാസ്റ്റർ,ഇഖ്ബാൽ മാസ്റ്റർ,ശശികുമാർ സർ,ശരത് മാസ്റ്റർ,പ്രമീള ടീച്ചർ,ശാന്തകുമാരി ടീച്ചർ,സുഹ്റ ടീച്ചർ,ശുഭ ടീച്ചർ,ദിവ്യ ടീച്ചർ എന്നിവരും ഈ പ്രവർത്തനത്തിനായി അഭയത്തിലെത്തിയിരുന്നു.

വിദ്യാർത്ഥികളുടെ ചോദ്യങ്ങളിൽ അഭയത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യം,വർത്തമാന കാല പ്രവർത്തനങ്ങൾ,കൃഷ്ണേട്ടന്റെ ജീവിതാനുഭവങ്ങൾ,ആര്യപള്ളം എന്ന സാമൂഹ്യപരിഷ് കർത്താവിന്റെ പൈതൃകം നല്കിയ ശക്തി,അഭയത്തിന്റെ സഹകാരികൾ,അഭയത്തിനും

***വിദ്യാലയത്തിനു മിടയിൽ വാർത്തെടുക്കാനാകുന്ന ബന്ധം,പുതിയ തലമുറയ്ക്ക് കൃഷ്ണേട്ടൻ എന്ന പാഠപുസ്തകത്തിൽ നിന്നും പകർത്തിയെടുക്കാനുള്ള പാഠഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടവയായിരുന്നു.***




### *വിദ്യാർത്ഥികളുടെ പകർത്തലുകൾ ഇങ്ങിനെ വായിച്ചെടുക്കാം.*

***ഒറ്റരാത്രിയിൽ ഉണ്ടായതല്ല, അഭയം കൃഷ്ണേട്ടനും അഭയം എന്ന പ്രസ്ഥാനവും. വർഷങ്ങളുടെ അധ്വാനവും ഒരു നാടിന്റെ മുഴുവൻ സന്മനസ്സാർന്ന പൈതൃകവുമുണ്ട് അതിനുപിന്നിൽ.....പുലാശ്ശേരിയുടെ, വിശേഷിച്ച് പള്ളത്ത് മനയുടെ ആ മഹാപൈതൃകത്തിന്റെ, ഒട്ടും ശോഷിച്ചിട്ടില്ലാത്ത പ്രതിനിധിയാണ് കൃഷ്ണേട്ടൻ. നമ്പൂതിരിസമുദായത്തിനകത്തും പുറത്തും പരിഷ്കരണങ്ങളുടെ കൊടുങ്കാറ്റ സൃഷ്ടിക്കാൻ മുന്നിട്ടിറങ്ങിയ സഖാവ് പള്ളത്തിന്റെയും ആര്യാപള്ളത്തിന്റെയും പേരമകൻ. ......***
***"സമൂഹനന്മയ്ക്ക് ഉതകുന്നതരത്തിൽ ചിലരുടെ ജീവിതങ്ങൾ തനിയേ രൂപപ്പെട്ടുവരുമല്ലോ. അതുപോലെ രൂപപ്പെട്ട ഒന്നാണ് എന്റെ ജീവിതവും'', തന്റെ 'ജന്മകഥ' കൃഷ്ണേട്ടൻതന്നെ..പറയാൻതുടങ്ങി: ''കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ പള്ളത്ത് മനയ്ക്കുള്ള സ്ഥാനം അറിയാമല്ലോ. എന്റെ മുത്തച്ഛനും മുത്തശ്ശിയുമൊക്കെ ഉയർത്തിപ്പിടിച്ച ജാത്യതീതമായ പുരോഗമന ചിന്തയും മനുഷ്യസ്നേഹവുമൊക്കെ പ്രസിദ്ധമാണ്. ജന്മിത്വത്തിനെതിരെയും ബ്രിട്ടീഷ് കോയ്മയ്ക്കെതിരെയും ധീരമായ നിലപാടെടുത്ത് പ്രവർത്തിച്ച***

അവർ.മാറുമറയ്ക്കൽ സമരം, വിധവാവിവാഹം പോലുള്ള വിഷയങ്ങളിലും ഇടപെട്ടു. മുത്തച്ഛൻ(സഖാവ് പള്ളം) വസൂരിരോഗത്തിനെതിരെ നടത്തിയ പ്രവർത്തനങ്ങളും ശ്രദ്ധേയമായിരുന്നു.അവരുടെ വിപ്ലവചിന്തകളും മനുഷ്യസ്നേഹവുമൊക്കെ ഞങ്ങൾക്കും കിട്ടിയിട്ടുണ്ടാകാം.''......



ഇരുനൂറിലേറെ വർഷം പഴക്കമുള്ള പള്ളത്ത് മനയുടെ കെട്ടിടം ആ ഓർമകളുമായി ഇപ്പോഴുമിവിടെയുണ്ട്. പാർട്ടിയെ നിയമവിരുദ്ധമായിക്കണ്ടിരുന്ന കാലത്ത് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരായിരുന്ന ഇ.എം.എസ്സും എ.കെ.ജി.യും പി. കൃഷ്ണപ്പിള്ളയുമൊക്കെ ഇവിടെ ഒളിവിൽ താമസിച്ചിട്ടുണ്ട്. സഖാവ് ഇ.കെ. നായനാരും പള്ളത്തെ സന്ദർശകനായിരുന്നു. '.''നായനാരാണ് എനിക്ക് മുത്തച്ഛന്റെ പേരിട്ടത്. നായനാരുടെ പേരും കൃഷ്ണൻ എന്നായിരുന്നല്ലോ!

മന്ത്രങ്ങളിലോ ആരാധനകളിലോ ഒന്നും ആരും ഈ കുടുംബത്തെ തളച്ചിട്ടിട്ടില്ല. ഇടതുപാരമ്പര്യത്തിൽ വളർന്നതുകൊണ്ട് കുട്ടിക്കാലം മുതലേ ജാതി, മത വിഭാഗീയതകൾക്കതീതമായിചിന്തിക്കാൻ കഴിഞ്ഞു.......

വായനയിലൂടെ ഗാന്ധിജിയെ ആഴത്തിൽ അറിഞ്ഞു . വായനയിലൂടെ കിട്ടിയ സ്വതന്ത്രചിന്ത,......ഒന്നിനെയും അന്ധമായി പിന്തുടരരുതെന്ന് എന്നെ പഠിപ്പിച്ചു. കോളേജിൽ സുവോളജിയായിരുന്നു എന്റെ വിഷയം. കാവിമുണ്ടുടുത്താണ് ഞാൻ കോളേജിൽ പോയിരുന്നത്. ......പാന്റുടുത്തിട്ടേയില്ല, ഇതുവരെ. കാവിമുണ്ട് ഇപ്പോഴും ഉടുക്കാറുണ്ട്, ചെളിയറിയില്ല എന്നതുകൊണ്ടുമാത്രം'', കൃഷ്ണേട്ടൻ പറയുന്നു......

**അഭയത്തിന്റെ പിറവി**

*തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ എം.എസ്‌സി.ക്ക് പഠിക്കുമ്പോഴാണ് ഇദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാകുന്നത്. കനറാബാങ്ക്, ക്ഷേമപ്രവർത്തനങ്ങൾ നടത്താനായി ഗ്രാമങ്ങൾ ദത്തെടുക്കുന്ന ഒരു പദ്ധതി ആരംഭിച്ചിരുന്നു. പുലാശ്ശേരിയുടെ സമീപപ്രദേശമായ തിരുവേഗപ്പുറയിൽ പ്രോജക്ട് തുടങ്ങി.ആമപ്പറ്റ ഗ്രാമത്തിൽ സേവനപ്രവർത്തനങ്ങൾ നടത്താൻ കൃഷ്ണൻ നിയോഗിക്കപ്പെട്ടു. പള്ളത്തെ കുട്ടിയായതുകൊണ്ട് അവിടെ നല്ല സ്വീകാര്യതയും..*

*അന്ന് തിരുവേഗപ്പുറ കനറാബാങ്കിന്റെ മാനേജരായിരുന്ന പൈ സാറിന്റെ അകമഴിഞ്ഞ പിന്തുണയും കിട്ടി. അങ്ങനെ ഉദ്ദേശിച്ച സമയത്തിനുമുമ്പ് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാനായി.'ഇക്കാലത്ത് ബാങ്ക് എനിക്ക് ബാംഗ്ലൂരിൽവെച്ച് ഒരു റൂറൽ ഡെവലപ്‌മെന്റ് ട്രെയിനിങ് തന്നു. അന്നാണ് സോഷ്യോളജിയും ഒരു ശാസ്ത്രമാണെന്നും അത് പഠിച്ചാൽ സമൂഹത്തെ എളുപ്പം മാറ്റിയെടുക്കാൻ കഴിയുമെന്നും ഞാൻ മനസ്സിലാക്കുന്നത്. അവിടെവെച്ച് ബംഗ്ലാദേശ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രവർത്തകനുമായി സംസാരിച്ചപ്പോൾ കമ്യൂണിസ്റ്റുകൾക്കും സന്നദ്ധസംഘടനകൾ വിജയകരമായി നടത്താനാകുമെന്ന ബോധ്യവും ലഭിച്ചു. പരിശീലനത്തിന്റെ ഭാഗമായി പിന്നീട് വെല്ലൂർ മെഡിക്കൽ കോളേജ്,തിരുവനന്തപുരത്തെ മിത്രനികേതൻ എന്നിവിടങ്ങളിൽ ചെന്നപ്പോഴുണ്ടായ അനുഭവങ്ങളും സമൂഹസേവനത്തിന്റെ മികച്ച മാതൃക കളിലേക്ക് എന്നെ അടുപ്പിച്ചു'', കൃഷ്ണേട്ടൻ അക്കാലം ഓർക്കുന്നു. നാട്ടിൽ തിരിച്ചെത്തിയ ശേഷം, 1987-ൽ സേവന തത്പരരായ സുഹൃത്തുക്കളുമായി ചേർന്ന് സോഷ്യൽ അസോസിയേഷൻ ഫോർ ഡവലപ്‌മെന്റ് എന്ന ഒരു സന്നദ്ധസംഘടന രൂപവത്കരിച്ചു. 50 ആളുകൾ പത്തുരൂപവീതമെടുത്തായിരുന്നു ഇതിന്റെ തുടക്കം. എയർഫോഴ്‌സിലുള്ള അനിയൻ അവന്റെ ശമ്പളംകൊണ്ട് വീട്ടു ചെലവ് നടത്താമെന്നേറ്റപ്പോൾ കൃഷ്ണേട്ടൻ തന്റെ ശമ്പളം സേവന പ്രവർത്തന ങ്ങൾക്ക് നീക്കിവെച്ചു. പഞ്ചായത്തംഗമായിരുന്ന അമ്മ രുക്മിണി അന്തർജനവും കുടുംബാംഗങ്ങളും ആവശ്യമായ പിന്തുണനൽകി.അവശതയനുഭവിക്കുന്ന പത്തുകുട്ടികൾക്ക് അഭയമായി, അടുത്തവർഷം മെയ് 31-ന് പടിഞ്ഞാറ്റുമലിൽ ചെറിയ വാടകക്കെട്ടിടത്തിൽ 'അഭയം' എന്നപേരിൽ ഒരു ബാലവാടിയും ഗ്രാമവികസനകേന്ദ്രവും തുടങ്ങി. പിന്നീടത് പുലാശ്ശേരിയിലെ സ്വന്തം സ്ഥലത്തേക്ക് മാറി.ഇക്കാലത്താണ് അഭയം ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർചെയ്യുന്നത്.മലപ്പുറത്തുകാരനായ പി.പി. മോഹൻദാസ് ഒന്നരയേക്കർ സ്ഥലം അഭയത്തിന് നൽകുകയും ഇവിടെ താമസിച്ച് പ്രവർത്തിക്കുകയും ചെയ്തു. കൃഷ്ണേട്ടന് പാരമ്പര്യമായി കിട്ടിയ മൂന്നേക്കർസ്ഥലവും അഭയത്തിന്റേതായി. ഒരു രാത്രിയിൽ ഒരു വൃദ്ധൻ അവിടെ ശരണംതേടിവന്നു. അന്നുമുതൽ വൃദ്ധരെയും മനോനിലതെറ്റിയവരെയും സ്ത്രീകളെയുമൊക്കെ സ്വീകരിക്കാൻ അഭയം തീരുമാനിച്ചു.അച്ഛന്റെ അനുജത്തി മുരളിടീച്ചർ, അച്ഛൻപെങ്ങൾ ദേവകിവാര്യർ, പൊതുപ്രവർത്തകയായ നർഗീസ് ടീച്ചർ, പൈങ്കുളത്തെ സുമാ വാസുദേവൻ,*

മണ്ണാർക്കാട്ടെ ബഷീർമാഷ്, പി. ബാലകൃഷ്ണൻ അങ്ങനെ പലരും അഭയത്തിന് സ്ഥലംനൽകി. അങ്ങനെയാണ് ഇപ്പോഴത്തെ മുപ്പതേക്കറിലെ വലിയ സ്ഥാപനമായി അഭയം മാറിയത്.



'എല്ലാം ഉപേക്ഷിക്കുമ്പോൾ എല്ലാം ലഭിക്കുന്നു' എന്നൊരു സെൻ മൊഴിയുണ്ട്. അങ്ങനെ എല്ലാം നേടിയ ആളാണ് കൃഷ്ണേട്ടൻ. വിരമിക്കാൻ 19 വർഷം ബാക്കിയുള്ളപ്പോൾ 2001-ലാണ്, അഭയത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കനറാ ബാങ്കിലെ ഉദ്യോഗം ഉപേക്ഷിക്കുന്നത്. വി.ആർ.എസ്. എടുക്കുമ്പോൾ കിട്ടിയ എട്ടുലക്ഷംരൂപയിൽ നാലുലക്ഷവും അഭയത്തിന് നൽകി.കൃഷ്ണൻ എന്ന പേരൊഴിച്ചാൽ ജാതിയുടെയും മതത്തിന്റെയും ഒരടയാളങ്ങളും ഈ മനുഷ്യനിൽ ഇല്ല. 'ഒരു മതത്തെയും പുണരാൻ ഞാനില്ല,'ഒരു മതത്തോടും കലഹിക്കാനും' -ഇതാണ് നിലപാട്. മറ്റൊരു ജാതിയിൽപ്പെട്ട കരുനാഗപ്പള്ളി സ്വദേശിനിയായ കുമാരിയെയാണ് കൃഷ്ണേട്ടൻ വിവാഹംകഴിച്ചത്.
''ജാതീയതയ്ക്കെതിരെ നിലപാടെടുത്തിട്ടുള്ള കുടുംബമാണ് പള്ളം. അതുകൊണ്ട് വിപ്ലവാശയങ്ങൾ പറയാൻ മാത്രമല്ല, ജീവിതത്തിൽ പ്രാവർത്തികമാക്കാനും എനിക്ക് കഴിയും. .എന്റെ മക്കളുടെ പേരിൽപ്പോലും അതുണ്ട്. മകന്റെ പേര് അപ്പു ബഷീർ ചെറിയാൻ എന്നാണ്. മകൾ അമ്മു ആര്യ റൂബിയ. അത് വലിയ ഒരു കാര്യമെന്ന നിലയിലല്ല, ഒരു സ്വയം ഓർമപ്പെടുത്തലാണ്ഇരുവരും. അമ്മു ഇപ്പോൾ രാജസ്ഥാനിൽ അധ്യാപികയാണ് .അപ്പു എം.എസ്.ഡബ്ല്യൂ. കഴിഞ്ഞ് പാലക്കാട് കുടുംബശ്രീയിൽ കൗൺസിലറായി സേവനമനുഷ്ഠിക്കുന്നു.

## വിഷം വേണ്ട ഉണ്ണുന്ന ചോറിൽ

ഊന്നുന്ന ചുവടുകളിൽ ഒട്ടും വിഷം കലരരുതെന്ന് കൃഷ്ണേട്ടന് നിർബന്ധമുണ്ട് . തൊണ്ണൂറുകളിൽ പ്രശസ്ത പ്രകൃതി ചികിത്സകനായ സി. ആർ .ആർ. വർമ്മയുടെ ക്ലാസ്സിൽ അഭയത്തിൽ നിന്നും പങ്കെടുത്തു. അപ്പോഴാണ് തെറ്റായ ഭക്ഷണ ക്രമമാണ് പിന്തുടരുന്നത് എന്ന് ബോധ്യപ്പെട്ടത്. അതിന് ശേഷം പാൽ, പഞ്ചസാര, മൈദ, ചായ എന്നിവ ഞങ്ങൾ പൂർണ്ണമായും ഒഴിവാക്കി.ശുദ്ധമായ ഭക്ഷണം സ്വയം ഉത്പാദിപ്പിക്കുക തന്നെ വേണം എന്ന തിരിച്ചറിവിലേക്കാണെത്തിച്ചത് എന്ന് കൃഷ്ണേട്ടൻ പറയുന്നു.

അങ്ങനെയാണ് കൃഷിയിലേക്ക് സജീവമായി ഇറങ്ങുന്നത്. കൃഷിയിലൂടെ ശുദ്ധ ഭക്ഷണം നല്ല ആരോഗ്യം എന്ന കാഴ്ചപ്പാടിലേക്ക് അഭയം എത്തി. തുടക്കത്തിൽ പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൻറെ നല്ല സാങ്കേതിക പിന്തുണ ലഭിച്ചു. “പൂർണ്ണമായ ജൈവകൃഷി ആയിരുന്നില്ല അവർ നിർദേശിച്ചിരുന്നത്. ഞങ്ങൾ പക്ഷേ മെല്ലെ മെല്ലെ ജൈവ കൃഷിയിലേക്ക് ചുവട് വെച്ചു,” കൃഷ്ണേട്ടൻ വിശദമാക്കി.

അരിയും പച്ചക്കറികളും ജൈവ രീതിയിൽ ഉദ്പ്പാദിപ്പിച്ച് ഒരു പരിധി വരെ ഭക്ഷ്യ സ്വാശ്രയത്വം നേടാൻ അഭയത്തിന് കഴിഞ്ഞു.

കൈരളി ടി വിയുടെ കതിർ ശ്രീ അവാർഡും കൃഷ്ണേട്ടൻ നേടി. അവാർഡ് ദാന ചടങ്ങിൽ വെച്ച് മമ്മൂട്ടി പറഞ്ഞു: “സെലിബ്രിറ്റികൾ ജൈവ കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കുന്നത് സാമ്പത്തിക നേട്ടത്തിനാണ്. നിങ്ങളാകട്ടെ അത് ചെയ്യുന്നത് അനാഥർക്ക് നല്ല ഭക്ഷണം നൽകാനാണ്. അതുകൊണ്ട് നിങ്ങൾ ചെയ്യുന്നതാണ് സത്കർമ്മം.”അദ്ദേഹത്തിൻറെ വാക്കുകൾ അഭയത്തിന് കിട്ടിയ വലിയൊരു അംഗീകാരമാണെന്ന് കൃഷ്ണേട്ടൻ.

മുപ്പതേക്കറിൽ പച്ചപിടിച്ചുനിൽക്കുന്ന ജൈവകൃഷി അതിന്റെ ഒരു ഉദാഹരണം. ഇവിടത്തെ 107 അന്തേവാസികൾക്കും ഭക്ഷണത്തിനാവശ്യമായ അരിയും പച്ചക്കറികളുമെല്ലാം ജൈവരീതിയിൽത്തന്നെ കൃഷിചെയ്യുന്നു. ഗോമൂത്രവും ചാണകവും പച്ചിലകളുമൊക്കെയാണ് വളം. കീടനാശിനികളും ജൈവംമാത്രം. മഴമറകൃഷിയുമുണ്ട് . ‘‘15 വർഷത്തിലേറെയായി ഞങ്ങൾ അരി പുറത്തുനിന്ന് വാങ്ങാറില്ല. ഇപ്പോൾ പുറത്തേക്ക് വിൽക്കുകയും ചെയ്യുന്നു. പോരാത്തതിന് അന്തേവാസികളിൽ ജോലിചെയ്യാൻ കഴിയുന്നവർ അവരവർക്ക് കഴിയുന്ന ജോലികൾ ചെയ്യുന്നുണ്ട്. ചവിട്ടി, മെഴുകുതിരി, ചന്ദനത്തിരി അങ്ങനെ പലതും ഇവിടെ ഉണ്ടാക...ഗാന്ധിജി സ്വപ്നംകണ്ട സ്വയംപര്യാപ്ത ജീവിതമാണ് ഞങ്ങളുടെയും ആദർശം. ഇന്ത്യൻ മാർക്സിസ്റ്റ് എന്നാണ് ഞാൻ ഗാന്ധിജിയെ വിളിക്കുക. ഗാന്ധിജിയിൽ ചിന്താശേഷിയും സഹാനുഭൂതിയും ഒരുമിക്കുന്നു.
കൃഷിയിലെന്നപോലെ സംഭാവന സ്വീകരിക്കുന്ന കാര്യത്തിലും ‘പരിശുദ്ധി’

***കാത്തുസൂക്ഷിക്കുന്ന അഭയം.മദ്യവില്പനക്കാരുടെയോ മതതീവ്രവാദ സംഘങ്ങളുടെയോ കൊള്ളപ്പലിശക്കാരുടെയോ ഒന്നും സംഭാവന സ്വീകരിക്കില്ല. ......എങ്കിലും എന്തൊക്കെയാണ് ഇവിടെ ഭംഗിയായി നടക്കുന്നത് - യോഗപരിശീലനം, സംഗീതപഠനം, പ്രകൃതിചികിത്സ, അപൂർവവിത്തുകളുടെ സംരക്ഷണം, പുസ്തകപ്രസാധനം, മികച്ച വായനശാല... ഒരേക്കറിലേറെ സ്ഥലം സ്മൃതിവനമെന്ന പേരിൽ കാടായി സംരക്ഷിക്കുന്നുമുണ്ട് .***

***ഇത്രയും വലിയ ഒരു സ്ഥാപനം ഇത്രയും ക്ലേശങ്ങൾ സഹിച്ച് നടത്തുന്നതിനു പിന്നിലെ പ്രചോദനമെന്തെന്ന് ചോദിച്ചപ്പോൾ കൃഷ്ണേട്ടന്റെ ഉത്തരം ഇങ്ങനെ: ......‘‘സത്കർമം ചെയ്യുന്നതിന് ഒരു സുഖമുണ്ട് . അതാണ് ഏറ്റവും വലിയ സുഖം’’ അതിന് കാലത്തിന്റെ പ്രതിഫലം......പോലെ ചില പുരസ്കാരങ്ങൾ... നേരത്തേ വി.ടി. ഭട്ടതിരിപ്പാടിന്റെ പേരിലുള്ള പുരസ്കാരവും മലയാളം വാരികയുടെ പുരസ്കാരവും. ഇപ്പോൾ ദേശീയ അവാർഡായ പ്ലാന്റ് ജീനോം സേവ്യർ പുരസ്കാരം... ‘‘അഭയംപോലുള്ള സ്ഥാപനങ്ങൾ ഇല്ലാതാവുന്ന ,അവയുടെ ആവശ്യം വരാത്ത ഒരു നാളെയാണ് എന്റെ സ്വപ്നം. അശരണരും ദുർബലരും പീഡിതരുമൊന്നുമില്ലാത്ത ഒരു കാലം. ആ നല്ലകാലം പുലരുംവരെ അഭയം തളരുകയുമരുത്’’......***



***ചിത്രകലാ ക്യാമ്പുകൾ, നാടക പണിപ്പുരകൾ, പാട്ടരങ്ങുകൾ... അങ്ങിനെ പലതരം കലാ-സാംസ്കാരിക പരിപാടികൾ കൊണ്ട് സജീവമാണ് അഭയം. അങ്ങനെയുള്ള പരിപാടികൾ അശരണരായവർക്ക് നൽകുന്ന ഒരു ശുശ്രൂക്ഷ തന്നെയാണെന്ന് കൃഷ്ണേട്ടൻ പറയുന്നു. അസ്വസ്ഥരായവർക്ക് കുറച്ചെങ്കിലും ആശ്വാസം നൽകാൻ അതുകൊണ്ടു കഴിയുമെന്നാണ് അദ്ദേഹത്തിൻറെ***

അനുഭവം.

അഭയത്തിൻറേയും പ്രവർത്തകരുടേയും പ്രവർത്തനങ്ങളിലെ മറ്റൊരു ഊർജ്ജം അവർ നടത്തുന്ന യാത്രകളാണ്. കാനറാ ബാങ്കിൻറെ ഗ്രാമസേവാ പ്രവർത്തന കാലത്ത് വയനാട്ടിലും ബാംഗ്ളൂരിലും ഒരുപാട് യാത്രകൾ കൃഷ്ണേട്ടൻ നടത്തിയിരുന്നു. പിന്നെ ഉത്തരേന്ത്യയിൽ, ഹിമാലയം, ഡെൽഹി, ഗംഗാ-ഹരിദ്വാർ യാത്രകൾ... "ഓരോ യാത്രയിലും പുതിയ സഞ്ചാരികൾ കൂടെ ചേരുകയും അവർ പലരും അഭയത്തിന്റെ കുടുംബാംഗങ്ങളാകുകയും ചെയ്തു," അദ്ദേഹം പറഞ്ഞു.



കൃഷ്ണേട്ടന്റെ ദീർഘഭാഷണങ്ങൾ പലപ്പോഴും ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളിലേക്ക് തിരിച്ചുപോകാനും ആർഭാടവും സുഖലോലുപതയും അനുഭവിക്കുന്നവർ,മറ്റുള്ളവരുടെ ജീവിക്കാനുള്ള അവകാശമെന്ന ഏറ്റവും ചെറിയ ആവശ്യത്തെപോലും നിരാകരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നുമുള്ള സത്യം ഓർമ്മിപ്പിക്കുന്നവയായിരുന്നു.വിദ്യാർത്ഥികൾ കൃഷ്ണേട്ടനെ പൊന്നാട അണിയിച്ച് പുസ്തകങ്ങൾ അഭയത്തിന്റെ വായനശാലക്കായി സമർപ്പിച്ച് താൽകാലികമായി അഭയത്തോട് യാത്ര പറഞ്ഞു.














Regd No.943.
HOME FOR AGED
(Recognised by the board of control for orphanages & other charitable homes, Govt. of kerala.)

# വിദ്യാലയം പ്രതിഭകളിലേക്ക്

### ജിവിഎച്ച്എസ്എസ് കൊപ്പം

## പ്രൊഫസർ അബ്ദുൽ കരിം



വിദ്യാലയം പ്രതിഭകളിലേക്ക് എന്ന പരിപാടിയുടെ രണ്ടാംദിനത്തിൽ (21/11/2019 വ്യാഴം)കൊപ്പം ഗവ.ഹൈസ്കൂളിലെ കുട്ടികളും അധ്യാപകരും എത്തിയത് പുതിയ റോഡിന് സമീപം താമസിക്കുന്ന തിരൂരങ്ങാടി പി.എസ് .എം.ഒ കോളേജിൽ നിന്ന് വിരമിച്ച ,കൊമേഴ്സ് വിഭാഗം പ്രൊഫസർ ശ്രീ.അബ്ദുൽ കരീം സാറിന്റെയടുത്താണ് .രാവിലെ പതിനൊന്നു മണിക്ക് തന്നെ എസ് .എം.സി ചെയർമാൻ ശ്രീ.നിസാർ ആലം ഞങ്ങളെയും കാത്ത് പുതിയ റോഡിലുണ്ടായിരുന്നു.കൊപ്പം അങ്ങാടിയിൽ റോഡ് പണി നടക്കുന്നതിനാൽ സ്കൂൾ ബസ് ഒഴിവാക്കി രാജൻ മാഷിന്റെയും ശാന്തകുമാരി ടീച്ചറിന്റെയും കാറുകളാണ് ഇന്നത്തെ യാത്രക്കായി ഉപയോഗിച്ചത് .

വാതിൽപ്പടിയിൽ തന്നെ സുസ്മേര വദനനായി കരീം സാറും ഭാര്യ സുലൈഖ ഇത്തയും ഉണ്ടായിരുന്നു.വീടിന്റെ മുകളിലെ നിലയിലേക്കാണ് ഞങ്ങളെ അവർ

ആനയിച്ചത് .ശരിക്കും അത്ഭുതപ്പെട്ടത് മുകളിലെ നിലയിലുള്ള നാടക തിയേറ്ററായ moments ൽ എത്തിയപ്പോഴാണ് .കരീം സാറിന്റെ വിശേഷങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കട്ടെ.




വിവിധ ക്ലാസുകളിൽ നിന്നും തല്പരരായ കുട്ടികളും അധ്യാപകരും അടങ്ങിയ ഒരു ടീം കരീം സാറിന്റെ തിയേറ്ററിൽ ഇരുന്ന ഔപചാരികതകളില്ലാതെ തുറന്നചോദിക്കലും പറയലും അരംഭിച്ചു.ഏറ്റവും സന്തോഷകരമായ കാര്യം അദ്ദേഹത്തിന്റെ നല്ലപാതി സുലൈഖ ഇത്തയും ഞങ്ങളോടൊപ്പം സംവദിക്കാനുണ്ടായിരുന്നു എന്നതാണ് .

കുട്ടികൾ പ്രധാനമായും ഉന്നയിച്ച ചോദ്യങ്ങളെ ഇപ്രകാരം ചുരുക്കി രേഖപ്പെടുത്താം

1.കരീം സാറിന്റെ വിദ്യാഭ്യാസ കാലഘട്ടം.
2.പി. എസ് .എം.ഒ കോളേജിലെ അധ്യാപന കാലം
3.നാടക ലോകത്തേക്ക് എത്തപ്പെട്ടത് .
4.ചിത്ര രചനയുടെ ലോകം.
5. കുടുംബ വിശേഷങ്ങൾ
6.വിദ്യാർത്ഥികളോട് പറയാനുള്ളത് .

ഓരോ ചോദ്യങ്ങളും തന്റേതായ ശൈലിയിൽ ലളിതവും താല്പര്യജനകവുമായി അവതരിപ്പിക്കാനുള്ള കഴിവ് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായി ,കരീം സാറുമായി സംവദിക്കുന്നവർക്ക് മനസ്സിലാക്കാനാകും.




വിദ്യാഭ്യാസ കാലഘട്ടത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം നടുവട്ടം ജനത ,പട്ടാമ്പി , കൊപ്പം ഹൈസ്കൂളുകളിലായിരുന്നു . വിദ്യാർത്ഥി ജീവിതത്തിലെ രസകരമായ അനുഭവങ്ങൾ ഓരോന്നായി ഓർത്തെടുത്ത് വിദ്യാർത്ഥികളുടെ മുമ്പിൽ അവതിരിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.പി.എസ്.എം.ഒ കോളേജിൽ എത്തുമ്പോൾ കൊമേഴ്സ് അധ്യാപകനിലെ നാടകകാരൻ പുറത്തു വരികയും കൊമേഴ്സിനെ പടിക്കുപുറത്തു നിർത്തി നാടകക്കാരനെ മനസിൽ കുടിയിരുത്തിയപ്പോൾ മലപ്പുറം ജില്ലയിൽ നിന്ന് വേദിയിൽ കയറാതിരുന്ന പെൺക്കുട്ടികളടക്കം നാടകവേദിയിൽ എത്തുകയും ഒരു മികച്ച സ്റ്റുഡന്റ് തിയേറ്റർ പി.എസ്,എം.ഒ എന്ന കലാലയത്തിൽ നിന്നും പുറംലോകത്ത് എത്തിച്ചതും തന്റെ നാടകത്തോടുള്ള അഭിനിവേശത്തിന്റെ ബാക്കിപത്രമായി സാറ് ചൂണ്ടിക്കാണിക്കുന്നു.നാക്കിന്റെ [*National* Assessment and *Accreditation* Council (NAAC)] ടീം കേളേജിന്റെ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് തിരൂരങ്ങാടിയിൽ എത്തിയപ്പോൾ, പി.എസ്,എം.ഒയുടെ മികവായി കാണിച്ചത് കരീം സാറിന്റെ നാടക തിയേറ്ററും കോൽക്കളി ടീമുമായിരുന്നു എന്നത് നാടക

കാഴ്ച്ചപ്പാടിന് ലഭിച്ച അംഗീകാരമായി കാണുന്നു.ഈ താല്പര്യം തന്നെയാണ് വീട് പണിയുമ്പോൾ ഒരു വിദ്യാലയംപോലെ വീടിന്റെ മുകൾ നിലയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു നാടക തീയേറ്റർ തന്റെ പിതാവിന്റെ സ്മരണയിൽ moments എന്നപേരിൽ ആരംഭിക്കാനും ഒരു പക്ഷേ അദ്ദേഹത്തിനെ പ്രേരിപ്പിച്ചുണ്ടായിരിക്കുക.നാടക ലോകത്തേക്ക് എത്തിപ്പെടാൻ കാരണം തന്റെ ജീവിതാനുഭവങ്ങൾ തന്നെയാണെന്ന് വിശ്വസിക്കുന്ന കരീം മാഷ് ,കുട്ടിയായിരിക്കുമ്പോൾ ഉത്സവങ്ങൾ മനസിലുണ്ടാക്കിയ ആന്ദോളനങ്ങൾ പില്ക്കാലത്ത് നാടകത്തിലേക്കുള്ള നടത്തത്തിന് വഴിയൊരുക്കിയതായി പറയുന്നു.കൊപ്പത്തെ താലപ്പൊലിയും നേർച്ചയും മറ്റു ആഘോഷങ്ങളും കാണാൻ പോകുന്ന ബാലൻ പിന്നീട് കൂട്ടുകാരോടൊത്ത് വീട്ടിൽ പുനരാവിഷ്കരണം നടത്തിയതുമൊല്ലാം ബാല്യത്തിന്റെ ഗൃഹാതുരത്വം നിറഞ്ഞ ഓർമകളോടെ കുട്ടികൾക്കു മുമ്പിൽ പൊതികെട്ടായി അഴിച്ചുവെയ്ക്കുമ്പോൾ കണ്ണിലെ തിളക്കം കലയോടുള്ള അടക്കാനാകാത്ത ത്വരതന്നെയാണെന്ന് കണ്ടു നില്ക്കുന്നവർക്കുപോലും എത്രവേഗത്തിലാണ് മനസ്സിലാവുന്നത് .



എപ്പോഴാണ് കരീം മാഷ് ഒരു ചിത്രകാരനായതെന്ന് ഓർമ്മിച്ചെടുക്കാനാകുന്നില്ല .ആഴത്തിലുള്ളതും ഗൗരവമേറിയതുമായ തീം കൈകാര്യം ചെയ്യുന്ന ചിത്രങ്ങൾ തന്റെ തിയേറ്ററിലും വീടിനുള്ളിലും ഭംഗിയായി തൂക്കിയിട്ടിട്ടുണ്ടെങ്കിലും കരീം സാർ ഇപ്പോഴും ചിത്രകലയുടെ ബാലപാഠങ്ങൾ പഠിക്കുകയണെന്ന് പറയുമ്പോൾ

*അദ്ദേഹത്തിന്റെ ചിത്ര കലയോടുള്ള സമീപനവും കലയെ അടുത്തറിയാനും പഠിക്കാനുള്ള ആഗ്രഹവും വെളിപ്പെടുത്തുന്നതാണ് .ചിത്രകലയെ കൂടുതൽ അറിയാനുള്ള അന്വേഷണങ്ങൾക്കൊടുവിൽ ഗുരുവിനെ കിട്ടിയപ്പോൾ, ഗുരുവിന്റെ ആദ്യ നിബന്ധന കരീം മാഷ് വരച്ച ചിത്രങ്ങൾ നേരിട്ട് കാണണം എന്നതായിരുന്നു.മാഷിന്റെ ചിത്രങ്ങൾ കണ്ട ഗുരുവിന്റെ ഉപദേശം ഇയാൾ കയ്യിലുള്ള ഈ കഴിവിനെ കൂടുതൽ പഠിച്ച് നഷ്ടപ്പെടുത്തേണ്ട എന്നതായിരുന്നു.കരീം മാഷിന്റെ നിലവിലുള്ള ചിത്രരചനാ ശൈലിയിലേക്ക് പുതിയ പഠനങ്ങൾ ഉണ്ടാക്കുന്ന ദോഷങ്ങൾ മുൻകൂട്ടി കാണാനായ ഗുരുവിന്റെ ദീർഘവീക്ഷണത്തെ നമിക്കാം.*



ഈ ആധുനിക കാലത്തും നാടകത്തിന് ജനങ്ങളുടെ ഇടയിൽ സ്വീകാര്യത കുറഞ്ഞിട്ടില്ല എന്ന് തെളിയിക്കുന്നതാണ് നാടക കലയെ സ്നേഹിക്കുന്നവരിൽ നിന്നും തനിക്ക് ലഭിക്കുന്ന പിന്തുണയും സഹകരണവുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.*നാടകം എന്ന കലയെ ഏതെല്ലാം രൂപത്തിൽ ജനങ്ങൾക്ക് ഉപകാരപ്പെടുത്താം അതിനുവേണ്ടി വ്യത്യസ്ത പരീക്ഷണങ്ങളും കാഴ്ചപ്പാടുകളും സ്വീകരിച്ച അതുല്യ കലാകാരനാണ് കരീം മാഷ് . ഇന്നത്തെ സമൂഹത്തിനും പുത്തൻ തലമുറക്കും നൽകേണ്ട സന്ദേശങ്ങളും അറിവുകളും പകർന്നുനൽകുന്ന ഒരു മാധ്യമമായി നാടകത്തെ പലവേദികളിലും അവതരിപ്പിച്ചിട്ടുണ്ട്. കൊപ്പം അഭയത്തിലെ മാനസിക പ്രയാസം അനുഭവിക്കുന്ന അഭയാർത്ഥികൾക്ക് കരീം മാഷിന്റെ നാടക പരിശീലനം അവരുടെ യഥാർത്ഥ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമം കൂടിയാണ് .അഭയത്തിലെ എല്ലാ കലാപ്രവർത്തനകൾക്കും അഭയം കൃഷ്ണേട്ടന്റെ പ്രോത്സാഹനവും പിന്തുണയും ലഭിക്കാറുണ്ട്. അഭയത്തിലെ ദേവകി വാര്യർ സ്മാരക ഓഡിറ്റോറിയം*

***ഇതിനായി ഉപയോഗിച്ചുവരുന്നു. കൊപ്പം അഭയത്തിൽ എല്ലാ ബുധനാഴ്ചയും നടക്കുന്ന സാഹിത്യസമാജത്തിൽ പങ്കെടുക്കുകയും അവിടുത്തെ അഭയാർത്ഥികൾക്ക് വേണ്ടി ചിത്രരചന പരിശീലനവും സംഘടിപ്പിച്ചു വരുന്നു. കുട്ടികളുടെ അറിവിനും കഴിവ് പ്രകടിപ്പിക്കുവാനും ലൈബ്രറിയും moments തിയറ്ററും സ്വന്തം വീട്ടിൽ ഒരുക്കിയിരിക്കുകയാണ് . കലാപ്രവർത്തനങ്ങൾ സേവനമനോഭാവത്തോടെയാണന്നും മുഖ്യ ലക്ഷ്യം വ്യക്തിത്വ വികാസവുമാണെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.***



***കരീം മാഷിന്റെ കുടുംബ വിശേഷങ്ങളിലേക്ക് കടക്കുമ്പോഴാണ് ' ഏതൊരു പുരുഷന്റെയും വിജയത്തിനു പിന്നിൽ ഒരു സ്ത്രീയുണ്ടാകുമെന്ന '' വാക്യം സത്യമാണെന്ന് തിരിച്ചറിയുന്നത് .ഭർത്താവിന്റെ കലാപ്രവർത്തനങ്ങൾക്ക് സജീവമായ പിന്തുണ നല്കുന്ന നല്ലൊരു കുടുംബിനിയെയും സുഹൃത്തിനേയും കാണണമെങ്കിൽ കരീം മാഷിന്റെ വീട്ടിലേക്ക് എത്തിയാൽ മതി .മക്കൾ ഡോ.ആഷിക് (ഇ.എൻ.ടി),അമീന(അധ്യാപിക),അമീർ (വിദ്യാർത്ഥി),പിന്നെ രണ്ടു മൂത്ത സഹോദർമാർ.ഇതാണ് കരീം സാറിന്റെ കുടുംബലോകം.ഇവിടെ കലയുണ്ട് ജീവിതവും.***



*വിദ്യാർത്ഥികളോടായി പറയാനുള്ളത്  സ്വജീവിതം കാണിച്ചു കൊണ്ടു തന്നെയാ ണ്  .പ്രൊഫസർ അബ്ദുൽ കരീം,ചൂണ്ടത്തൊടി വീട്  ,പുതിയറോഡ് ,ആമയൂർ പി.ഒ എന്ന അഡ്രസ്സിന്  വലിയൊരർത്ഥമുണ്ട്.അത് കരീം മാഷെന്ന കലാകരാരന്റെ തട്ടകമാണ്  .ഇരുപത്തിയെട്ടു വർഷത്തെ പി.എസ്.എം.ഒ കോളെജ് ജീവിതത്തിന്  ശേഷം കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്ഥാപനമായ പി .എസ് .സി കോച്ചിംഗ് സെന്ററിന്റെ പ്രിൻസിപ്പാളായി സേവനമനുഷ്ടിക്കുന്നു.കല സമൂഹ നന്മയ്ക്ക് എന്ന വിശ്വാസം സൂക്ഷിക്കുന്നു.അതുകൊണ്ടുതന്നെ വരുമാനത്തിന്റെ ഒരംശം ഇതിനായി കൃത്യതയോടെ ചെലവിടുന്നു.കൊപ്പത്തെ അഭയം പ്രവർത്തനവുമായി സജീവമായി മുന്നോട്ടുപോകുന്നു.അഭയം പ്രവർത്തകൻ എന്നറിയപ്പെടാനാണ് തനിക്ക് ആഗ്രഹമെന്ന് പറയുന്ന മാഷ് അതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുന്നു.കലയെ സ്നേഹിക്കുന്ന ,പ്രോത്സാഹിപ്പിക്കുന്ന ഏറ്റവും വലിയ സ്ഥാപനമായിട്ടാണ് അഭയത്തെ കരീം മാഷിന്റെ മനസിൽ പ്രതിഷ്ഠിച്ചിട്ടുള്ളത് .മനുഷ്യത്വമില്ലാത്തവന്റെ മതത്തോടും രാഷ്ട്രീയത്തോടും ഒരു നിലയ്ക്കും സന്ധിചെയ്യാൻ ആവാത്ത മനസുമായി ഇപ്പോഴും കരീം മാഷുണ്ട് കൊപ്പത്തിന്റെ പ്രതിഭയായി ,വിദ്യാലയത്തിന്റെ സഹയാത്രികനായി  തന്റെ നാടകകളരിയിൽ. തുറന്ന പറച്ചിലുകൾക്ക് സാക്ഷിയാകാനായതിന്റെ സന്തോഷത്തിലാണ് ഞങ്ങളും.*
*നന്ദി .കരീം മാഷ് .*



MOMeNTS
THENICHE
THEATRE







ASLAM.8.A/ HUMAID.8.H

# RIGHT TO EDUCATION





Akshaya,Archana







# RIGHT TO EDUCATION









ASIF.8J/FARIS.8J


ASIN & ALEENA



# LITTLE KITE


# G.V.H.S.S.KOPPAM


# 2K19/2K20

LK/2018 /20015

HUMAID ASLAM


# SAVE TREES











ALEENA & ASIN














hashim8-d miqdad8-h


UN
CONVENTION
READ WELL...
DEVI,PRAMAD








SUHAILA